# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2544 19/06/2013 ൽ മറുപടിയ്ക്ക്

**ഫ്രീമെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. ശിവദാസൻ നായർ | | ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) | പട്ടികജാതി പ്രീമെട്രിക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യാൻ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കമോ ; | (എ) | സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്ക് നിലവിൽ പ്രീ മെട്രിക് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ സ.ഉ.(പി)നം.50/2009/ പജപവവിവ. 02/07/2009 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകി വരുന്നു. 2012-13 വർഷം മുതൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായത്തോടെ പ്രീ മെട്രിക് സ്കോളർഷിപ്പ് നൽകുന്നതിന് സ.ഉ(എം.എസ്)നം. 25/13/പജപവവിവ. തീയതി 22/03/2013 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. DBTS മുഖേന സ്കോളർഷിപ്പ് നൽകുന്നതാണ്. ഈ പദ്ധതി പ്രകാരം പ്രതിമാസം 150/- രൂപ ഡേ സ്കോളേഴ്സിനും 350/- രൂപ ഹോസ്റ്റലേഴ്സിനും സ്കോളർഷിപ്പായി നൽകുന്നു. കൂടാതെ ഡേ സ്കോളേഴ്സിന് |

| | | | |
|---|---|---|---|
| | | | 750/- രൂപയും ഹോസ്റ്റലേഴ്സിന് 1000/- രൂപയും ബുക്ക്സിനും അഡ്ഹോക്ക് ഗ്രാന്റായും നൽകുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | എലിമെന്ററി ക്ലാസ്സിൽ നിന്നും സെക്കന്ററി ക്ലാസ്സുകളിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനും 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന് അവരുടെ രക്ഷിതാക്കൾക്ക് ഒരു സഹായമായിട്ടുമാണ് ഈ സ്കോളർഷിപ്പ് അനുവദിക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) | നാഷണൽ ഇൻഫോർമാറ്റിക് സെന്റർ ആണ് (NIC) ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പ് നൽകുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുള്ളത്. അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ വഴി ഡേറ്റാ എൻട്രി നടത്തുന്നതിനുള്ള സൗകര്യവും സ്കോളർഷിപ്പ് തുക കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്കുകൾ മുഖേന DBTS വഴി വിദ്യാർത്ഥികളുടെ ആധാർ ലിങ്കഡ് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അയയ്ക്കുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 2012-13 വർഷം 9, 10 ക്ലാസ്സുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നതിനായി 104644 കുട്ടികൾക്ക് 1984.19 ലക്ഷം രൂപ സർക്കാർ ഉത്തരവ് (എം.എസ്) നം.25/13/ പജപവവിവ. തീയതി 22/03/2013 പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ തുക പട്ടികജാതി വികസന ഡയറക്ടറുടെ പേരിൽ കാനറാ ബാങ്ക് ശാസ്തമംഗലം ശാഖയിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. 104644 വിദ്യാർത്ഥികളുടെ |

ഡേറ്റാ എൻട്രി പൂർത്തിയാക്കാത്തതിനാൽ DBTS മുഖേന പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2012-13 വർഷത്തെ സ്കോളർഷിപ്പ് സ്കീമിൽ ഉൾപ്പെട്ട 82000 വിദ്യാർത്ഥികളുടെ ഡേറ്റാ എൻട്രി പൂർത്തീകരിച്ചതിൽ 40000 പേരുടെ ഡേറ്റാ പട്ടികജാതി വികസന ഓഫീസർമാർ verify ചെയ്ത് forward ചെയ്തിട്ടുണ്ട്. 29/05/2013 ന് നടന്ന സ്കോളർഷിപ്പ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽവച്ച് കുറച്ച് കുട്ടികൾക്ക് DBTS വഴി സ്കോളർഷിപ്പ് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ